# നിരവധി മോഷണ കേസുകളിലെ പ്രതി പിടിയില്

നിരവധി മോഷണക്കേസുകളിൽലെ പ്രതി എറണാകുളം നെല്ലിമറ്റം സ്വദേശി ബിജു@ആസിഡ് ബിജു (41) കൊളത്തൂരിൽ വെച്ച് മലപ്പുറം ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘത്തിലെ DySP സുരേഷ്കുമാർ, CI സാജു. കെ. എബ്രഹാം, SI P. വിഷ്ണു, പെരിന്തൽമണ്ണ ടൗൺ ഷാഡോ പോലീസ് എന്നിവരടങ്ങുന്ന പോലീസ് സംഘത്തിന്റെ പിടിയിൽ. രണ്ടു വർഷത്തിനിടെ മലപ്പുറം, പാലക്കാട്, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ നിന്നായി 150 പവനോളം സ്വർണാഭരണങ്ങൾ കവർച്ച ചെയ്ത കേസിലെ പ്രതിയാണ് ആസിഡ് ബിജു. വീടിന്റെ പിൻഭാഗത്തെ വാതിൽ പൊളിച്ചോ, ഓടിളക്കിയോ അകത്ത് കടക്കുന്ന പ്രതി സ്ത്രീകളുടേയും കുട്ടികളുടേയും ആഭരണങ്ങൾ കവർച്ച ചെയ്യുകയാണ് പതിവ്. മൂന്നു ജില്ലകളിലായി 21ഓളം കേസുകളിലായി 150 പവനോളം സ്വർണാഭരണങ്ങൾ പ്രതി കവർച്ച ചെയ്തിട്ടുണ്ടെന്ന് വിവരം ലഭിച്ചിട്ടുണ്ട്.